# അന്താരാഷ്ട്ര മതാന്തര സംവാദം ദൽഹിയിൽ

**ഇസ്‌ലാമും** പൗരസ്ത്യ മതങ്ങളും തമ്മിലുള്ള അന്താരാഷ്ട്ര സംവാദം ഫെബ്രുവരി 20,21 തീയതികളിൽ ദൽഹിയിലെ ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ അൻസാരി ഓഡിറ്റോറിയത്തിൽ നടക്കും. ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്‌സണനൽ ലോ ബോർഡ്, ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്, ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്, ജംഇയ്യത്ത് അഹ്‌ലെ ഹദീസ്, ആൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറ തുടങ്ങിയ സംഘടനകൾ ചേർന്നാണ് സംവാദം സംഘടിപ്പിക്കുന്നത്.

ഉപരാഷ്ട്രപതി ഡോ. ഹാമിദ് കർസായി ഉദ്ഘാടനം ചെയ്യും. ആൾ ഇന്ത്യ മുസ്‌ലിം പേഴ്‌സണൽ ലോ ബോർഡ് പ്രസിഡന്റ് മൗലാനാ മുഹമ്മദ് റാബിഅ് ഹസൻ നദ്‌വി അധ്യക്ഷത വഹിക്കും. ഇന്ത്യ, പാകിസ്താൻ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ, ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള വിവിധ മതനേതാക്കളും പണ്ഡിതന്മാരും പങ്കെടുക്കും.

പണ്ഡിറ്റ് എൻ.കെ ശർമ, ഡോ. ജെ.കെ ജയിൻ, ഡോ. സഫറുൽ ഇസ്‌ലാം ഖാൻ, മുജ്തബാ ഫാറൂഖ്, മൗലാനാ അബ്ദുൽ ഹമീദ് നുഅ്മാനി, സർദാർ മുഖ്താർ സിംഗ് എന്നിവർ പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

## കൈയേറിയ 120 ഏക്കർ വഖ്ഫ് ഭൂമി തിരിച്ചു പിടിച്ചു

**ഛട്ടിയൂ** ഇൻഡേജ് ഗ്രൂപ്പ് എന്ന മദ്യക്കമ്പനി കൈയേറിയ 120 ഏക്കർ വഖ്ഫ് ഭൂമി മഹാരാഷ്ട്ര വഖ്ഫ് ബോർഡ് തിരിച്ചുപിടിച്ചു. സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് മന്ത്രി നസീം അഹ്‌മദ് ഖാന്റെ നേതൃത്വത്തിലാണ് പോലീസ് സഹായത്തോടെ 12 കോടി മതിപ്പ് വിലയുള്ള ഭൂമി തിരിച്ചു പിടിച്ചത്.

മഹാരാഷ്ട്ര വഖ്ഫ് ബോർഡിന്റെ ഉടമസ്ഥതയിൽ 92,000 ഏക്കർ ഭൂമിയുണ്ട്. എന്നാൽ ഇതിൽ 60 ശതമാനം പലരുടെയും കൈകളിലായി അന്യാധീനപ്പെട്ടിരിക്കുകയാണ്. വഖ്ഫ് ഭൂമി തർക്കങ്ങളുടെ 7000 കേസുകൾ വിവിധ കോടതികളിൽ നിലനിൽക്കുന്നുമുണ്ട്.

## മുസ്‌ലിം വിദ്യാർഥികളുടെ സ്കൂൾ പ്രവേശന തോത് മെച്ചപ്പെടുന്നു

**നാഷ്നൽ** യൂനിവേഴ്സിറ്റി ഓഫ് എജ്യുക്കേഷൻ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ (NEUPA)യുടെ ഡിസ്ട്രിക്ട് ഇൻഫർമേഷൻ സിസ്റ്റം ഫോർ എജ്യുക്കേഷൻ റിപ്പോർട്ട് അനുസരിച്ച് 2008-09 അധ്യയന വർഷത്തിൽ മുസ്‌ലിം വിദ്യാർഥികളുടെ അഡ്മിഷൻ നിരക്കിൽ നേരിയ വർധന റിപ്പോർട്ട് ചെയ്യപ്പെട്ടു. പ്രൈമറി ക്ലാസുകളിൽ പ്രവേശനം നേടിയ മൊത്തം വിദ്യാർഥികളിൽ ഈ വർഷം 11.03 ശതമാനം മുസ്‌ലിം വിദ്യാർഥികളാണ്. കഴിഞ്ഞ വർഷം ഇത് 10.49 ശതമാനമായിരുന്നു.

അപ്പർ പ്രൈമറി ക്ലാസുകളിൽ ഈ വർഷം 9.13 ശതമാനം മുസ്‌ലിം വിദ്യാർഥികൾ അഡ്മിഷൻ നേടി. കഴിഞ്ഞ തവണ 8.54 ശതമാനം ആയിരുന്നു. പ്രൈമറി ക്ലാസുകളിലെ മുസ്‌ലിം അഡ്മിഷനിൽ 48.93 ശതമാനം പെൺകുട്ടികളാണ്. പെൺകുട്ടികളുടെ ദേശീയ ശരാശരി (48.38) യേക്കാൾ അൽപം കൂടുതലാണിത്. അപ്പർ പ്രൈമറിയിൽ ഇവ യഥാക്രമം 50.03 ശതമാനവും 47.58 ശതമാനമാണ്.

633 ജില്ലകളിൽ 1.29 മില്യൻ അംഗീകാരമുള്ള സ്കൂളുകൾ കേന്ദ്രീകരിച്ചാണ് റിപ്പോർട്ടിനാവശ്യമായ സർവെ നടത്തിയത്. ഇതിൽ 25 ശതമാനത്തിലധികം മുസ്‌ലിം വിദ്യാർഥികളുള്ള 87,690 (6.84 ശതമാനം) സ്കൂളുകളും 50 ശതമാനത്തിലധികം മുസ്‌ലിം വിദ്യാർഥികളുള്ള 62,534 സ്കൂളുകളും (4.88 ശതമാനം) 75 ശതമാനത്തിലധികം മുസ്‌ലിം വിദ്യാർഥികളുള്ള 48,946 സ്കൂളുകളും (3.82 ശതമാനം) 90 ശതമാനത്തിലധികം മുസ്‌ലിം വിദ്യാർഥികളുള്ള 41,300 സ്കൂളുകളും (3.22 ശതമാനം) ഉണ്ട്.

## ബീഹാറിൽ ജമാഅത്തെ ഇസ്‌ലാമി പഠനക്യാമ്പ്

**തെരഞ്ഞെടുത്ത** പ്രവർത്തകർക്ക് വേണ്ടി ജമാഅത്തെ ഇസ്‌ലാമി ബീഹാർ ഘടകം പഠനക്യാമ്പ് സംഘടിപ്പിച്ചു. അരരിയ കോർട്ടിൽ നടന്ന ക്യാമ്പ് അഖിലേന്ത്യാ അമീർ

## 'ധാർമിക വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കണം'



**വിദ്യാഭ്യാസത്തിൽ** ധാർമിക മൂല്യങ്ങൾക്ക് ഊന്നൽ കൊടുക്കണമെന്ന് എസ്.ഐ.ഒ ബീഹാർ ഘടകം നടത്തിയ സിമ്പോസിയം അഭിപ്രായപ്പെട്ടു. പട്ന ഉർദു അക്കാദമി ഓഡിറ്റോറിയത്തിൽ പുതിയ വിദ്യാഭ്യാസ പ്രവണതകളെക്കുറിച്ചാണ് സിമ്പോസിയം സംഘടിപ്പിച്ചത്. കിഷൻഗഞ്ച് എം.എൽ.എ അഖ്തറുൽ ഈമാൻ, നസീം അക്തർ, ഷബ്ബീർ ആലംഖാൻ, പ്രഫ. സുറൂർ അഹ്മദ്, മസ്റൂർ അഹ്മദ്, അഖ്‌ലാഖുർറഹ്മാൻ, എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറി ഇർഷാദ് അഹ്മദ് സംസാരിച്ചു.

സയ്യിദ് ജലാലുദ്ദീൻ ഉമരി ഉദ്ഘാടനം ചെയ്തു. അസി. അമീർ മുഹമ്മദ് ജഅ്ഫർ, ജനറൽ സെക്രട്ടറി നുസ്റത്ത് അലി, ബീഹാർ അമീർ ഖമറുൽ ഹുദ തുടങ്ങിയവർ ക്ലാസുകളെടുത്തു.

### ഝാർഖണ്ഡിൽ ആദ്യ മുസ്‌ലിം ഡി.ജി.പി

**നിയാസ്** അഹ്മദ് എന്ന 1974 ബാച്ച് ഐ.പി.എസ് ഓഫീസർ ഝാർഖണ്ഡിലെ ഡി.ജി.പിയായി ചുമതലയേറ്റു. ഝാർഖണ്ഡിലെ ആദ്യ മുസ്‌ലിമായ ഡി.ജി.പി യാണ് നിയാസ് അഹ്മദ്. നേരത്തെ വിജിലൻസ് വിഭാഗം തലവനായിരുന്നു.

**അബ്ബാദ്**